
# മെത്രാപ്പോലീത്തായുടെ കത്ത്



(നവംബർ 2017)

കർത്താവിൽ പ്രിയരേ,

കാലാവസ്ഥാ വ്യതിയാനത്തിന്റെ കെടുതികൾ ഏറ്റുവാങ്ങിയാണ് ഒക്ടോബർ മാസം കടന്നുപോയത്. കാലവർഷം നിരാശാജനകമായിരുന്നുവെങ്കിലും അതിന്റെ പോരായ്മകൾ പരിഹരിക്കാൻ തക്കവണ്ണം തുലാവർഷം നേരത്തേ തന്നെ വന്ന് നമ്മുടെ അണക്കെട്ടുകളെ ജലസമൃദ്ധമാക്കി. ബാംഗ്ലൂരിൽ അടുത്ത കാലത്തുണ്ടായ മഴക്കെടുതികൾ ഇന്ന് ജീവിച്ചിരിക്കുന്ന മുതിർന്ന തലമുറയുടെ ഓർമ്മകളിൽപ്പോലും ഇല്ലാത്തവണ്ണം കഠിനമായിരുന്നു. കേരളത്തിൽ സമൃദ്ധമായ മഴ ഉളവായെങ്കിലും ജലസംഭരണവുമായി ബന്ധപ്പെട്ട് വേണ്ടത്ര പ്രായോഗിക നടപടികൾ ആവിഷ്ക്കരിക്കാതിരുന്നതുമൂലം നമ്മുടെ മണ്ണിൽ വീണ വെള്ളത്തിന്റെ ഭൂരിഭാഗവും അറബിക്കടലിലേക്ക് ഒഴുകിപ്പോവുകയാണുണ്ടായത്. തന്മൂലം മഴ നിന്ന് ഒരാഴ്ച കഴിഞ്ഞപ്പോൾ നദികളും തോടുകളും ഉറവുകളുമെല്ലാം ശുഷ്കമായിത്തീരുന്ന ദയനീയമായ കാഴ്ചയാണ് കാണുവാൻ കഴിഞ്ഞത്. നദികളിലും തോടുകളിലും നിക്ഷേപിക്കുന്ന മാലിന്യങ്ങൾ കായലിലേക്കും കടലിലേക്കും ഒഴുകിച്ചെന്ന് സൃഷ്ടിക്കുന്ന പരിസ്ഥിതി പ്രശ്നങ്ങൾ കൂടുതൽ ഗുരുതരമായ അവസ്ഥയിലേക്ക് എത്തിച്ചിരിക്കുന്നു. കടലിൽപ്പോലും ചെറിയ ഇനത്തിലുള്ള മീനുകളുടെ എണ്ണം കുറഞ്ഞുകൊണ്ടിരിക്കുന്നതിന്റെ ഒരു പ്രധാന കാരണം ജലമലിനീകരണമാണ്. നമ്മുടെ നദികളിൽ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുവാൻ വേണ്ടി ഗവണ്മെന്റ് പുതിയ ഇനം മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന ഒരു രീതി ഇന്ന് നടന്നുവരുന്നുണ്ട്. എന്നാൽ ഇങ്ങനെ നിക്ഷേപിക്കുന്ന മത്സ്യങ്ങൾ നമ്മുടെ നദികളിൽ പണ്ടുമുതൽക്കുതന്നെ ഉണ്ടായിരുന്ന ചെറിയയിനം മത്സ്യങ്ങളെ ഇരകളാക്കിക്കൊണ്ടാണ് വളരുന്നത് എന്ന യാഥാർത്ഥ്യം കാണാതിരിക്കുന്നത് ശരിയല്ല. ഇങ്ങനെ നമ്മുടെ പരമ്പരാഗത മത്സ്യങ്ങളുടെ വംശനാശം ഉളവാക്കുന്ന രീതിയിലുള്ള പ്രവർത്തനങ്ങളിൽ നിന്ന് ബന്ധപ്പെട്ടവർ പിന്തിരിഞ്ഞില്ലായെങ്കിൽ അത് നമ്മുടെ നദികളിലെയും തോടുകളിലെയും ജൈവസന്തുലിതാവസ്ഥയെതന്നെ അവതാളത്തിലാക്കും എന്ന് ഓർമ്മിപ്പിക്കട്ടെ.

നമ്മുടെ സഭയുടെയും സഭയിലെ വിവിധ പ്രസ്ഥാനങ്ങളുടെയും സംഘടനകളുടെയും അടുത്ത 3 വർഷത്തേക്കുള്ള ഭാരവാഹികൾ ചുമതലയിൽ പ്രവേശിച്ചുകഴിഞ്ഞു. എന്നാൽ കഴിഞ്ഞ തെരഞ്ഞെടുപ്പിൽ സഭയിൽ പ്രകടമായ ചില പ്രവണതകൾ സഭയെ സ്നേഹിക്കുന്നവരെ ഏറെ ദുഃഖിപ്പിക്കുന്നതാണ്. ഭക്തന്മാർ ഏറെയുണ്ട് എന്നാൽ വിശ്വസ്തന്മാർ കുറവ് എന്ന ആപ്തവാക്യം ഓർമ്മിപ്പിക്കുന്ന ചില പ്രവണതകൾ ഏറെ ദുഃഖിപ്പിക്കുന്നതാണ്. വ്യക്തിഹത്യയും നുണപ്രചരണവും നടത്തി തെരഞ്ഞെടുപ്പു പ്രചരണം ആർഭാടമാക്കുമ്പോൾ ചോർന്നുപോകുന്ന മൂല്യങ്ങളെക്കുറിച്ച് പലപ്പോഴും പലരും ചിന്തിക്കാറില്ല. സോഷ്യൽ മീഡിയായെയും അപവാദ പ്രചരണങ്ങൾക്ക് ഉപകരണമാക്കുന്ന പ്രവണതകൾ ഏറെ ലജ്ജാകരമാണ്, അപലപനീയമാണ്. വോട്ടിംഗിന്റെ ചുമതലക്കാരായി വിശ്വസ്തർ എന്നെണ്ണി സഭ ചുമതല ഏല്പിച്ചവരുടെ ഭാഗത്തുനിന്നുപോലും ഗുരുതരമായ വീഴ്ചകൾ സംഭവിച്ചത് നമ്മെ ഏറെ ദുഃഖിപ്പിക്കുന്നു. നമ്മുടെ സഭയുടെ മൂല്യാധിഷ്ഠിത ജനാധിപത്യ മാതൃകകൾ നാം കാത്തുപാലിക്കുവാൻ പ്രതിജ്ഞാബദ്ധരായിരിക്കണം. സഭയിൽ ഏതെങ്കിലും ഒരു കസേരയിൽ കയറിയിരിക്കുന്നത് രാഷ്ട്രീയത്തിൽ ഏതെങ്കിലും ഒരു സ്ഥാനത്തേക്ക് കയറിപ്പറ്റാനുള്ള തന്ത്രമായി പരിണമിക്കരുത്. സഭയുടെ തെരഞ്ഞെടുപ്പുകൾ എങ്ങനെയും സ്ഥാനങ്ങളിൽ കയറിപ്പറ്റാനുള്ള തത്രപ്പാടിന്റെ ഭാഗമായി കാണുന്നവർ ഈ രംഗത്ത് കൂടുതലായി വരുമ്പോൾ സംഭവിക്കാവുന്ന വലിയൊരു അപകടം മാന്യരും കുലീനരുമായവർ ഈ തെരഞ്ഞെടുപ്പു രംഗത്തു നിന്നുതന്നെ മാറിനിൽക്കുന്ന സാഹചര്യം രൂപപ്പെടുമെന്നതാണ്. സഭയിൽ ദുഷിച്ച പ്രവണതകൾ പ്രത്യക്ഷപ്പെടുമ്പോൾ, ശൂന്യമാക്കുന്ന മ്ലേച്ഛത വിശുദ്ധ സ്ഥലത്ത് നിൽക്കുന്നു എന്ന് ദാനിയേൽ പ്രവാചകൻ പറഞ്ഞതുപോലെ സംഭവിച്ചുകൊണ്ടിരിക്കും. സഭയുടെ ശുശ്രൂഷ ഏറ്റവും വിശുദ്ധമായ ശുശ്രൂഷയാണ്. മലങ്കര മാർത്തോമ്മാ സുറിയാനി സഭ പ്രതിസന്ധികളിലൂടെ കടന്നുപോയപ്പോൾ സഭയുടെ നാഥനായ കർത്താവ് സഭയെ കരംപിടിച്ചു നടത്തി. ദൈവം അനുഗ്രഹങ്ങൾ നൽകി നമ്മുടെ സഭയെ അനുഗ്രഹിച്ചു. മാർത്തോമ്മാ സഭയ്ക്ക് മൂല്യാധിഷ്ഠിത ജനാധിപത്യത്തിന്റെ ശ്രേഷ്ഠമായ മാതൃക ദൈവം നൽകി. അതു ദൈവത്തിന്റെ ദാനമാണ്. ദൈവകൃപയിൽ ശരണപ്പെട്ട് അർപ്പണബോധത്തോടെ പ്രവർത്തിക്കുവാൻ നാം കടപ്പെട്ടിരിക്കുന്നു. പ്രഗത്ഭ സുവിശേഷ പ്രസംഗകനായിരുന്ന വില്യം കേറി പറഞ്ഞതുപോലെ ദൈവത്തിൽ നിന്ന്

സഭ നിരന്തരം പുതുക്കപ്പെടേണ്ടത് സഭയുടെ സാക്ഷ്യത്തിന് ഏറെ ആവശ്യമാണ്. അതോടൊപ്പം തന്നെ സഭയുടെ ഐക്യത്തിൽ ഒരുമയുടെ ദർശനം പുതുക്കപ്പെടേണ്ടതും ഏറെ ആവശ്യമാണ്.

വൻകാര്യങ്ങൾ പ്രതീക്ഷിച്ചുകൊണ്ട്, ദൈവത്തിനുവേണ്ടി വൻകാര്യങ്ങൾ ചെയ്യുവാനുള്ള നിയോഗം കലർപ്പില്ലാതെ നിർവ്വഹിക്കുവാൻ ദൈവകൃപ ധാരാളമായി പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കാം.

ഒക്ടോബർ മാസം നമ്മുടെ ജീവിതത്തിൽ ഒരു തിരിഞ്ഞുനോട്ടത്തിന്റെ കാലഘട്ടമാണ്. 60 സംവത്സരങ്ങൾക്കു മുമ്പ് 1957 ഒക്ടോബർ 18-ാംതീയതിയാണ് മാർത്തോമ്മാ സഭയിലെ ഒരു കശ്ശീശയായി അഭി. ഡോ. തോമസ് മാർ അത്തനാസ്യോസ് സഫ്രഗൻ മെത്രാപ്പോലീത്തായാൽ പട്ടംകെട്ടപ്പെട്ടത്. ഒക്ടോബർ 19-ാം തീയതി ആദ്യ കുർബാന അനുഷ്ഠിച്ചു. 10 വർഷം മുമ്പ് ഒരു ഒക്ടോബർ 2-ാം തീയതിയാണ് മാർത്തോമ്മാ മെത്രാപ്പോലീത്തായായി ചുമതലയേറ്റത്. 18 സംവത്സരങ്ങൾ മാർത്താമ്മാ സഭയിൽ ഒരു കശ്ശീശയായും 42 വർഷം മേൽപ്പട്ടക്കാരനായും വിവിധ വെല്ലുവിളികളുടെ മധ്യത്തിൽ പതറിപ്പോകാതെ "വിളിച്ചവൻ വിശ്വസ്തൻ" എന്ന് തിരിച്ചറിഞ്ഞ് നിലനിൽപ്പാൻ വലിയവനായ ദൈവം അനവരതം ചൊരിഞ്ഞ കൃപകൾക്കായി ദൈവത്തെ സ്തുതിക്കുന്നു. വിഷാദത്തിൽ വീണുപോകാമായിരുന്ന സാഹചര്യങ്ങളിൽപ്പോലും പ്രതീക്ഷയോടെയും ദിശാബോധത്തോടെയും പ്രവർത്തിപ്പാൻ ആശ്വാസപ്രദനായ പരിശുദ്ധാത്മാവ് ശക്തീകരിച്ചു. ഇന്ന് ഈ സഭയെ അതിന്റെ പ്രതിസന്ധികളിൽ തളർന്നുപോകാതെ മുമ്പോട്ടു നയിപ്പാൻ ദൈവകൃപ ധാരാളമായി ലഭിക്കേണ്ടതിനായി ഏവരുടേയും ആത്മാർത്ഥമായ പ്രാർത്ഥന തുടർന്നും ഉണ്ടാകണമെന്ന് ഓർമ്മിപ്പിക്കട്ടെ.

ദക്ഷിണാഫ്രിക്കയിൽ നമ്മുടെ സഭാജനങ്ങൾ ഒരു സ്ഥലം വാങ്ങി ഒരു പള്ളിയും അതിനോടുചേർന്ന് ഒരു പാഴ്സണേജും ഗസ്റ്റ് റൂമും ഈ വർഷം പണികഴിപ്പിക്കുകയുണ്ടായി. ജോഹന്നാസ് ബർഗിന് സമീപമുള്ള പ്രിറ്റോറിയ എന്ന സ്ഥലത്ത് 1 ഹെക്ടർ സ്ഥലം ഈ ആവശ്യത്തിലേക്കായി വാങ്ങിക്കുവാൻ കഴിഞ്ഞു എന്നത് അഭിമാനകരമായ ഒരു വസ്തുതയത്രെ. അടുത്തയിടെ നാം ദക്ഷിണാഫ്രിക്ക സന്ദർശിച്ചപ്പോൾ 500 ലധികം വിശ്വാസികളുടെ സാന്നിധ്യത്തിൽ ആ പള്ളിയുടെയും പാഴ്സനേജിന്റെയും കൂദാശ നിർവ്വഹിക്കുകയുണ്ടായി. അവിടെ ആ സമയം അവധിക്കാലമായതിനാൽ നമ്മുടെ ഇടവകാംഗങ്ങളിൽ പലരും നാട്ടിലേക്ക് പോയിരുന്നു. എങ്കിൽപ്പോലും ആയിരം മൈൽ വരെ യാത്ര ചെയ്ത് ആ കൂദാശയിൽ വന്നു പങ്കെടുത്ത സഭാജനങ്ങളുടെ സമർപ്പണത്തെയോർത്ത് ദൈവത്തെ സ്തുതിക്കുന്നു. പ്രിറ്റോറിയായിൽ നമ്മുടെ സഭയ്ക്ക് ഒരു ആസ്ഥാനം ഇപ്രകാരം രൂപപ്പെടുത്തുന്നതിൽ നേതൃത്വം നൽകിയ ഇടവക വികാരി റവ. അജിത് അലക്സാണ്ടർ അച്ചന്റെയും സഹപ്രവർത്തകരുടെയും ത്യാഗോജ്ജ്വലമായ പ്രവർത്തനങ്ങളെ ഓർത്ത് ദൈവത്തെ സ്തുതിക്കുന്നു. ദക്ഷിണാഫ്രിക്കയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള ആംഗ്ലിക്കൻ സഭയുടെ ബിഷപ്പുമാർ ഉൾക്കൊള്ളുന്ന സെൻട്രൽ കമ്മറ്റിയിലും പങ്കെടുക്കുകയും മാർത്തോമ്മാ സഭയുടെ ആശംസകൾ അറിയിക്കുകയും ചെയ്തു. ഷാർജാ മാർത്തോമ്മാ ഇടവകയുടെ 40-ാം ഇടവക ദിന പരിപാടികളിൽ ഒക്ടോബർ മാസത്തിൽ പങ്കെടുക്കുവാൻ സാധിച്ചത് ഹൃദ്യമായ ഒരു അനുഭവമായിരുന്നു. ഒക്ടോബർ മാസം ബാംഗ്ലൂരിൽ വെച്ചു നടന്ന, വിശാലമായ എക്യുമെനിക്കൽ ദർശനത്തിന്റെ ചൈതന്യമുൾക്കൊള്ളുന്ന CISRS ന്റെ പരിപാടികളിലും പങ്കെടുക്കാൻ കഴിഞ്ഞു. സഭയിലേക്ക് വന്നുചേരുന്ന പുതുവിശ്വാസികളെ ഹൃദ്യമായി സ്വീകരിക്കുന്നതിനുള്ള ഒരു അന്തരീക്ഷം രൂപപ്പെടുത്തുന്നതിനുവേണ്ടി ആദരണീയരായ ഡോ. എം.എം. തോമസും ഡോ. പി.ഡി. ദേവാനന്ദനും കൂടി നേതൃത്വം നൽകി രൂപപ്പെടുത്തിയ ഒരു എക്യുമെനിക്കൽ പ്രസ്ഥാനമാണ് CISRS (Christian Institute for the Study of Religion and Society). അവരുടെ വിശാലമായ മാനവികതയുടെ ആവിഷ്ക്കാരമായിരുന്നു CISRS ലൂടെ അവർ അന്ന് നിർവ്വഹിച്ചത്. അതിന്റെ ജൂബിലി ആഘോഷമാണ് ഇപ്പോൾ ബാംഗ്ലൂരിൽ നടന്നത്. സഭയ്ക്ക് ഈ വലിയ ദർശനം പകർന്നു നൽകിയ ഡോ. എം.എം. തോമസിനെയും സ്ഥാപകാംഗങ്ങളേയും ഓർത്ത് ദൈവത്തെ സ്തുതിക്കുന്നു.

ക്രിസ്ത്യൻ കോൺഫ്രൻസ് ഓഫ് ഏഷ്യ (CCA) യുടെ ബർമ്മായിലെ മ്യാൻമറിൽ വെച്ചു നടന്ന സമ്മേളനത്തിൽ നാമും സഭയുടെ നാലു പ്രതിനിധികളും പങ്കെടുക്കുകയുണ്ടായി. ഈ സമ്മേളനത്തോടനുബന്ധിച്ച് ഭിന്നശേഷിക്കാരായവർക്കു വേണ്ടിയുള്ള ഒരു പ്രത്യേക സമ്മേളനത്തിൽ നമ്മുടെ പത്തനാപുരം ആശാഭവനിൽ വളർന്ന സജയ് കുമാർ എന്ന കലാകാരനും പങ്കെടുത്തു എന്നത് ഏറ്റവും അഭിമാനകരമത്രേ. മാർത്തോമ്മാ സഭയുടെ ആനിമേഷൻ ഡിപ്പാർട്ടുമെന്റിന്റെ ഡയറക്ടറായിരിക്കുന്ന റവ. സിബു പള്ളിച്ചിറ അച്ചനെയാണ് സജയ് കുമാറിനെ മ്യാൻമാറിലേക്ക് കൊണ്ടുപോകുവാൻ ചുമതലപ്പെടുത്തിയത്. സജയ് കുമാർ ജനിക്കുമ്പോൾ തന്നെ രണ്ടു കരങ്ങളുമില്ലാതെ ജനിച്ച ഒരു കുട്ടിയാണ്. എന്നാൽ കാലിലെ വിരലുകൾ കൊണ്ട് ബ്രഷ് പിടിച്ചാണ് അതിമനോഹരമായ ചിത്രങ്ങൾ സജയ് കുമാർ വരക്കുന്നത്. Fine Arts ൽ ബിരുദവും ബിരുദാനന്തര ബിരുദവും നേടുവാൻ സജയ് കുമാറിന് വേണ്ട എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുത്തത് നമ്മുടെ സഭയുടെ ക്രമീകരണത്തിലൂടെയാണ്. സജയ് കുമാറിന്റെ മ്യാൻമാറിലെ സാന്നിദ്ധ്യമാണ് നമ്മെ ഏറെ സന്തോഷിപ്പിച്ചത്.

നമ്മുടെ കനേഡിയൻ മാർത്തോമ്മാ പള്ളി അതിമനോഹരമായി പുനർനിർമ്മിച്ചതിന്റെ കൂദാശ ഒക്ടോബർ മാസത്തിൽ നടത്തപ്പെട്ടു. കാനഡായിലെ ഈ പുതിയ പള്ളി അമേരിക്കയിലെ തന്നെ നമ്മുടെ പള്ളികളിൽ ഏറ്റവും വലിയ ഒരു പള്ളിയാണ്. ഈ പള്ളിയുടെ നിർമ്മിതിയിൽ ത്യാഗോജ്ജ്വലമായ നേതൃത്വം നൽകിയ ഇടവക വികാരി റവ. ഷിബു ശാമുവേലിനേയും ചുമതലക്കാരെയും വിശ്വാസസമൂഹത്തെയും പ്രത്യേകം അഭിനന്ദിക്കുന്നു.

2008-ൽ സ്ഥാപിതമായ കറ്റാനത്തെ ഡയാലിസിസ് യൂണിറ്റിലെ ആദ്യത്തെ 3 മെഷീനുകൾക്ക് പ്രവർത്തനക്ഷമത നഷ്ടപ്പെട്ടിരിക്കുകയാണ്. അതിന്റെ Replacementനു വേണ്ടി സുമനസുകളുടെ സഹകരണം ഉണ്ടാകേണ്ടിയിരിക്കുന്നു. 650 രൂപ യാണ് ഒരു ഡയാലിസിസിന് നിശ്ചയിച്ചിരിക്കുന്നത്. അതു നൽകാൻ നിവൃത്തിയില്ലാത്തവർക്ക് സൗജന്യമായി ഡയാലിസിസ് നടത്തുന്നതിന് സുമനസുകളായ വ്യക്തികൾ 650 രൂപ നൽകി സ്പോൺസർ ചെയ്താൽ സാധ്യമാകും. ഈ സ്പോൺ

സർഷിപ്പിൽ പങ്കാളികളാകാൻ കൂടുതൽ പേർ മുമ്പോട്ടു വരണമെന്ന് അറിയിക്കുന്നു. നമ്മുടെ കറ്റാനത്തെ നേത്ര ചികിത്സാ വിഭാഗവും സ്തുത്യർഹമായ സേവനമാണ് നിർവ്വഹിക്കുന്നത്. 1000 രൂപാ നൽകി സ്പോൺസർ ചെയ്താൽ 8000 രൂപാ ചെലവു വരുന്ന തിമിര ശസ്ത്രക്രിയ സാമ്പത്തികമായി പ്രയാസം അനുഭവിക്കുന്നവർക്ക് നൽകാൻ കഴിയും.

നമ്മുടെ കുറ്റാലത്തെ വിശ്രമകേന്ദ്രത്തിന്റെ ഒന്നാം നിലയുടെ പണി പൂർത്തിയായിവരുന്നു. രണ്ടാംനിലയും മൂന്നാം നിലയിലെ സ്യൂട്ടും എത്രയും പെട്ടെന്ന് പണിയുവാൻ ആഗ്രഹിക്കുന്നു. എല്ലാവരുടെയും സഹകരണം പ്രതീക്ഷിക്കുന്നു.

നവംബർ മാസത്തിലെ ധ്യാനം ആരംഭിക്കുന്നത് സകല വിശുദ്ധന്മാരുടെയും നാൾ അനുസ്മരിച്ചുകൊണ്ടാണ്. കർത്താവിനോടുള്ള പ്രതിബദ്ധതയിലും ജനങ്ങളുമായുള്ള സഹവർത്തിത്വത്തിലുമാണ് ആദിമസഭയിലെ വിശുദ്ധന്മാർ ജീവിതത്തെ ക്രിസ്തുവിനുള്ള സൗരഭ്യയാഗമാക്കി മാറ്റിയത്. അങ്ങനെയാണ് പ്രതിസന്ധികളുടെ തീച്ചൂളയിലും വിശ്വാസസ്ഥിരതയുടെ ശോഭയോടെ ഊതിക്കഴിച്ച പൊന്നുപോലെ അവർ ജ്വലിച്ചു പ്രകാശിച്ചത്. സഭാപിതാക്കന്മാരിലൂടെ സമൂഹം ദർശിച്ചത് ദൈവത്തിന്റെ മനുഷ്യമുഖമായിരുന്നു. വിശ്വാസസമൂഹത്തിന്റെ സാക്ഷ്യത്തിലൂടെ ദൈവത്തിന്റെ മനുഷ്യമുഖം ലോകം കാണുവാൻ ഇടയാകുമ്പോഴാണ് നമ്മുടെ ജീവിത വിശുദ്ധി ലോകം തിരിച്ചറിയുന്നത്. നവംബർ 5-ാം തീയതി ഞായറാഴ്ച സഭാ സംവത്സരം ആരംഭിക്കുകയാണ്. സഭാ ശുദ്ധീകരണത്തെക്കുറിച്ചും വിശ്വാസ ആചാരങ്ങളുടെ പഠനവും പരിശീലനവും എന്ന വിഷയത്തെക്കുറിച്ചും സഭയായി അന്ന് ധ്യാനിക്കുന്നു. അഖിലലോക സൺഡേസ്കൂൾ ദിനമായും അന്നേദിവസം നാം വേർതിരിച്ച് ആചരിക്കുന്നു. ക്രിസ്തുയേശുവിലൂടെ ദൈവം നമുക്ക് വലിയൊരു പദവിയാണ് നൽകിയിരിക്കുന്നത്. ഓരോ ഞായറാഴ്ചയും ആരാധന തുടങ്ങുമ്പോൾ തിരശീല മാറ്റുന്നത് വലിയൊരു ദർശനത്തെയാണ് സൂചിപ്പിക്കുന്നത്. ദൈവത്തിന്റെ കൃപാസനത്തിന്റെ അടുത്തു ചെല്ലുവാൻ നമുക്ക് ഒന്നും മറവായിരിക്കുന്നില്ല എന്ന സന്ദേശമാണ് അതു നൽകുന്നത്. ദൈവത്തിന്റെ കൃപാസനത്തിന്റെ സമീപത്തേക്ക് ക്രിസ്തു എന്ന ഏക മധ്യസ്ഥനിലൂടെ കടന്നു ചെല്ലാനുള്ള ഭാഗ്യവും പദവിയും ദൈവം നമുക്ക് നൽകിയിരിക്കുകയാണ്. ദൈവത്തിന്റെ സന്നിധിയിൽ നാം നമസ്കരിക്കുമ്പോൾ മൂന്നു കാര്യങ്ങളാണ് അതിലൂടെ വ്യക്തമാക്കുന്നത്: (1) താൻ ബലഹീനതയുള്ള മനുഷ്യൻ എന്ന് വിശ്വാസി പ്രഖ്യാപിക്കുന്നു; (2) തന്റെ പ്രശ്നം പരിഹരിക്കാൻ തക്ക ബലമുള്ളവനാണ് ദൈവം എന്ന് അംഗീകരിക്കുന്നു; (3) തന്റെ പ്രശ്നം വലിയവനായ ദൈവം പരിഹരിച്ചു തരുമെന്നുള്ള വിശ്വാസിയുടെ ഉറപ്പിനെ വെളിപ്പെടുത്തുന്നു. ഇങ്ങനെ ദൈവസന്നിധിയിലേക്ക് കടന്നു വരുവാൻ ദൈവം നമ്മെ പ്രാപ്തിപ്പെടുത്തുമ്പോൾ ഈ ദർശനം തലമുറകളിലേക്ക് പകരുവാനുള്ള പരിശീലനം നാം കുഞ്ഞുങ്ങൾക്ക് നൽകേണ്ടിയിരിക്കുന്നു. സൺഡേസ്കൂളുകൾക്ക് ഈ കാര്യത്തിൽ ഒരു വലിയ പങ്കാണ് നിർവ്വഹിക്കുവാനുള്ളത്. നവംബർ 12-ാം തീയതി ഞായറാഴ്ച സഭയുടെ പുതുക്കത്തെക്കുറിച്ച് നാം ധ്യാനിക്കുന്നു. സി.എസ്.ഐ., സി.എൻ.ഐ., മാർത്തോമ്മാ സഭകളുടെ ഐക്യ ആഘോഷത്തിന്റെ ദിനംകൂടിയാണന്ന്. സഭ നിരന്തരം പുതുക്കപ്പെടേണ്ടത് സഭയുടെ സാക്ഷ്യത്തിന് ഏറെ ആവശ്യമാണ്. അതോടൊപ്പം തന്നെ സഭയുടെ ഐക്യത്തിൽ ഒരുമയുടെ ദർശനം പുതുക്കപ്പെടേണ്ടതും ഏറെ ആവശ്യമാണ്. നവംബർ 19-ാം തീയതി സെഖര്യാവിനോടുള്ള അറിയിപ്പിനെക്കുറിച്ചും നവംബർ 26-ാം തീയതി കന്യകാമറിയമിനോടുള്ള അറിയിപ്പിനെക്കുറിച്ചും ചിന്തിക്കുന്നു. സെഖര്യാവിനോട് ദൂതൻ യോഹന്നാന്റെ ജനനത്തെക്കുറിച്ചറിയിക്കുമ്പോൾ സെഖര്യാവ് സംശയത്തോടുകൂടിയാണ് ആ അറിയിപ്പിനെ കേട്ടത്. അതുകൊണ്ട് ആ പ്രവചനം നിവൃത്തിയാകുവോളം മൗനത്തിന്റെ ആഴങ്ങളിലേക്ക് പോയി പാർക്കേണ്ടിവന്നു. എന്നാൽ മറിയയാകട്ടെ ദൈവദൂതന്റെ അറിയിപ്പിനെ "ഇതാ, ഞാൻ കർത്താവിന്റെ ദാസി; നിന്റെ വാക്കുപോലെ എനിക്കു ഭവിക്കട്ടെ" എന്നു പറഞ്ഞ് ദൈവത്തിന്റെ അരുളപ്പാടിനെ ഏറ്റുവാങ്ങി. ആ മറിയയുടെ മകൻ പിന്നീട് ഗദ്സമനയിൽ പ്രാർത്ഥിക്കുമ്പോൾ അമ്മ പ്രാർത്ഥിച്ച പ്രാർത്ഥന തന്നെ പിതാവായ ദൈവത്തിനു മുമ്പിൽ സമർപ്പിച്ചു.- "എന്റെ ഇഷ്ടമല്ല, അങ്ങയുടെ ഇഷ്ടം നിറവേറട്ടെ." ഈ മാതൃകയാണ് മാതാപിതാക്കളിൽ നിന്നും കുഞ്ഞുങ്ങളിലേക്ക് പകരപ്പെടേണ്ടതായ ശ്രേഷ്ഠ മാതൃക. നവംബർ 29-ാം തീയതി ബുധനാഴ്ച ഉത്തരേന്ത്യാ സഭയുടെ സ്ഥാപനദിനമാണ്. ഉത്തരേന്ത്യാ സഭയുടെ ശുശ്രൂഷകളെയോർത്ത് ദൈവത്തെ സ്തുതിക്കുന്നു, പ്രാർത്ഥനയുടെ പിന്തുണ അറിയിക്കുന്നു. നവംബർ 30-ാം തീയതി വ്യാഴാഴ്ച മാർ അന്ത്രയോസ് ശ്ലീഹാ നാളാണ്. യേശുവിന്റെ ശിഷ്യന്മാരുടെ കൂട്ടത്തിൽ ഏവർക്കും അനുകരിക്കാൻ കഴിയേണ്ട ശ്രേഷ്ഠമായ ശിഷ്യത്വത്തിന്റെ മാതൃകയാണ് അന്ത്രയോസ്. അന്ത്രയോസ് ഒരിക്കൽപ്പോലും തന്റെ പേരിനോ പെരുമയ്ക്കോ വേണ്ടി ഒന്നും ചെയ്യുന്നില്ല. അതേസമയം അഞ്ചപ്പവും 2 മീനുമായി വന്ന ബാലനെയും യേശുവിനെ കാണുവാനാഗ്രഹിച്ച യവനായക്കാരെയും യേശുവിന്റെ അടുത്തേക്ക് കൊണ്ടുവരുന്നതായി നാം സുവിശേഷത്തിൽ വായിക്കുന്നു. തന്റെ സഹോദരനായ പത്രോസിനെയും യേശുവിന്റെ സമീപത്തേക്ക് കൊണ്ടുവന്നതും അന്ത്രയോസായിരുന്നു. എന്നാൽ പിന്നീട് പത്രോസ് ശിഷ്യന്മാരുടെ കൂട്ടത്തിൽ സമുന്നതമായ സ്ഥാനത്തേക്ക് ഉയർത്തപ്പെടുമ്പോൾ പോലും അന്ത്രയോസ് സൗമ്യതയോടും വിനയത്തോടുംകൂടി പിന്നണിയിൽ നിൽക്കുന്ന കാഴ്ചയാണ് നാം കാണുന്നത്. ഇന്ന് സഭയ്ക്ക് ഏറെ ആവശ്യം കർത്താവിങ്കലേക്ക് മറ്റുള്ളവരെ കൊണ്ടുവരുന്ന നിസ്വാർത്ഥമായ സേവനമനുഷ്ഠിക്കുന്ന അന്ത്രയോസിന്റെ മാതൃകയിലുള്ളവരെയാണ്. അന്ത്രയോസ് ശ്ലീഹാനാളിനുശേഷം നാം 25 നോമ്പ് ആരംഭത്തിലേക്ക് പ്രവേശിക്കുകയാണ്. ക്രിസ്തുവിലൂടെ ദൈവം ലോകത്തിന് വെളിപ്പെടുത്തിയത് ദൈവസ്നേഹത്തിന്റെ സുന്ദരമായ മുഖമാണ്. ആ ദൈവമുഖത്തേക്ക് നോക്കിക്കൊണ്ട് പ്രകാശിതരാകുവാൻ നമുക്ക് കഴിയണം.

"അവങ്കലേക്ക് നോക്കിയവർ പ്രകാശിതരായി; അവരുടെ മുഖം ലജ്ജിച്ചുപോയതുമില്ല" (സങ്കീ. 34:5).

കൃപ നിങ്ങളോടേവരോടുംകൂടെ ഇരിക്കുമാറാകട്ടെ.

പുലാത്തീൻ,
21-10-2017

**ഡോ. ജോസഫ് മാർത്തോമ്മാ**
**മെത്രാപ്പോലീത്താ**